SOUTH INDIAN Bank
Experience Next Generation Banking

Press Release 20th October 2022

# സൗത്ത് ഇന്ത്യൻ ബാങ്കിന് 223.10 കോടി രൂപ അറ്റാദായം

**കൊച്ചി:** 2022–23 സാമ്പത്തിക വർഷം രണ്ടാം പാദത്തിൽ സൗത്ത് ഇന്ത്യൻ ബാങ്ക് 223.10 കോടി രൂപ അറ്റാദായം നേടി. മുൻവർഷം ഇതേ പാദത്തിലെ 187.06 കോടി രൂപയുടെ നഷ്ടം മറികടന്നാണ് ഈ നേട്ടം. സെപ്തംബറിൽ അവസാനിച്ച ത്രൈമാസത്തിൽ 246.43 കോടി രൂപയാണ് നികുതി അടവുകൾക്ക് മുമ്പുള്ള ലാഭം. ഇത് ബാങ്കിന്റെ എക്കാലത്തേയും ഉയർന്ന നേട്ടമാണ്. പാദവാർഷിക അറ്റ പലിശ വരുമാനം 726.37 കോടി രൂപയാണ്. ഇത് ബാങ്കിന്റെ എക്കാലത്തേയും ഉയർന്ന ത്രൈമാസ അറ്റ പലിശ വരുമാനമാണ്. 3.21 ശതമാനം അറ്റ പലിശ മാർജിനോടെയുള്ള ഈ നേട്ടം റിട്ടേൺ ഓൺ ഇക്വിറ്റി (ROE) 1707 പോയിന്റുകൾ ഉയർത്തുകയും ചെയ്തു. റിട്ടേൺ ഓൺ അസ്സെറ്റ്സ് (ROA)
0.36 ശതമാനത്തിൽ നിന്ന് 0.64 ശതമാനമായി മികച്ച വാർഷിക വളർച്ചയും രേഖപ്പെടുത്തി.

മുൻവർഷത്തെ അപേക്ഷിച്ച് കാസ (കറന്റ് അക്കൗണ്ട് ആന്റ് സേവിങ്സ് അക്കൗണ്ട്) നിക്ഷേപം 14.10 ശതമാനം വർധിച്ച് 30,548 കോടി രൂപയായി. സേവിങ്സ് നിക്ഷേപം 14 ശതമാനവും കറന്റ് നിക്ഷേപം 14.65 ശതമാനവും വർധിച്ച് യഥാക്രമം 25,538 കോടി രൂപയും 5010 കോടി രൂപയിലുമെത്തി. റീട്ടെയ്ൽ നിക്ഷേപം 5.71 ശതമാനം വർധിച്ച് 87,111 കോടി രൂപയിലും, എൻആർഐ നിക്ഷേപം 2.52 ശതമാനം വാർഷിക വളർച്ചയോടെ 27,500 കോടി രൂപയിലുമെത്തി.

മൊത്തം വായ്പകളിൽ 16.56 ശതമാനം വാർഷിക വളർച്ച കൈവരിച്ചു. കോർപറേറ്റ് വായ്പകളിൽ 42.07 ശതമാനമാണ് വർധന. വലിയ കോർപറേറ്റ് വിഭാഗത്തിൽ എ റേറ്റിങ്ങും അതിനു മുകളിലുമുള്ള അക്കൗണ്ടുകളുടെ വിഹിതം 75 ശതമാനത്തിൽ നിന്നും 93 ശതമാനമായി വർദ്ധിച്ചു. വാഹന വായ്പകൾ 31.07 ശതമാനം വർധിച്ചു. വ്യക്തിഗത വായ്പകൾ 187.21 ശതമാനവും സ്വർണ വായ്പകൾ 36.34 ശതമാനവും വർധിച്ചു. 1.40 ലക്ഷത്തിലേറെ ക്രെഡിറ്റ് കാർഡുകൾ ഇഷ്യൂ ചെയ്തതിലൂടെ 472 കോടി രൂപയുടെ വായ്പയും വിതരണം ചെയ്തു.

ബിസിനസ് നയങ്ങൾ ദിശാമാറ്റങ്ങളോടെ നടപ്പിലാക്കിയ തന്ത്രപ്രധാനമായ നീക്കങ്ങൾ പ്രകടനം മെച്ചപ്പെടുത്താൻ സഹായിച്ചതായി സൗത്ത് ഇന്ത്യൻ ബാങ്ക് എംഡിയും സിഇഒയുമായ മുരളി രാമകൃഷ്ണൻ പറഞ്ഞു. കാസ, റീട്ടെയ്ൽ നിക്ഷേപങ്ങൾ എന്നീ വിഭാഗങ്ങളിൽ പ്രതീക്ഷിത വളർച്ച നേടാനും കോർപറേറ്റ്, എസ്എംഇ, വാഹന വായ്പ, ക്രെഡിറ്റ് കാർഡ്, വ്യക്തിഗത വായ്പ, സ്വർണ വായ്പ എന്നീ വിഭാഗങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ആസ്തി ഗുണമേന്മ മെച്ചപ്പെടുത്താനും കഴിഞ്ഞതായും അദ്ദേഹം പറഞ്ഞു.

ഗുണമേന്മയുള്ള വായ്പാ വളർച്ചയിലൂടെ ലാഭസാധ്യത വർധിപ്പിക്കുക എന്ന നയപ്രകാരം, 2020 ഒക്ടോബർ മുതൽ 33,768 കോടി രൂപയുടെ ഗുണനിലവാരമുള്ള വായ്പകളിലൂടെ മൊത്തം വായ്പാ പോർട്ട്ഫോളിയോയുടെ 50 ശതമാനം പുനർക്രമീകരിക്കാൻ കഴിഞ്ഞതായി മുരളി രാമകൃഷ്ണൻ പറഞ്ഞു. മേൽപറഞ്ഞ പ്രകാരം പുനർക്രമീകരിച്ച വായ്പകളുടെ അറ്റ പലിശ മാർജിൻ 3.60 ശതമാനത്തിലും മൊത്ത നിഷ് ക്രിയ ആസ്തി 0.03 ശതമാനത്തിലും മാത്രം നിലനിർത്തിയുമാണ് ഈ നേട്ടമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ബാങ്ക് നടപ്പിലാക്കിയ മികച്ച റിക്കവറി സംവിധാനത്തിലൂടെ പുതിയ കിട്ടാക്കടങ്ങൾ മുൻ വർഷത്തെ 531.31 കോടി രൂപയിൽ നിന്ന് 34.09 ശതമാനം കുറഞ്ഞ് 350.17 കോടി രൂപയിലെത്തിക്കാൻ ബാങ്കിന് സാധിച്ചുവെന്നും അദ്ദേഹം പറഞ്ഞു.

അറ്റ പലിശ വരുമാനം 37.79 ശതമാനമാണ് വാർഷിക വർധന രേഖപ്പെടുത്തിയത്. പലിശ ഇതര വരുമാനം 62.31 ശതമാനം വർധിച്ച് 255.10 കോടി രൂപയിലെത്തി. 16.04 ശമതാനമാണ് മൂലധന പര്യാപ്തതാ അനുപാതം. നീക്കിയിരുപ്പ് അനുപാതം 65.02 ശതമാനത്തിൽ നിന്നും വാർഷികാടിസ്ഥാനത്തിൽ 72.79 ശതമാനമായി വർധിച്ചു. കാസ അനുപാതം 370 പോയിന്റുകൾ വർധിച്ച് 30.8 ശതമാനത്തിൽ നിന്നും 34.5 ശതമാനത്തിലെത്തി. മൊത്ത നിഷ്ക്രിയ ആസ്തി 98 പോയിന്റുകൾ കുറഞ്ഞ് 6.65 ശതമാനത്തിൽ നിന്നും 5.67 ശതമാനമായും അറ്റ നിഷ്ക്രിയ ആസ്തി 134 പോയിന്റുകൾ കുറഞ്ഞ് 3.85 ശതമാനത്തിൽ നിന്ന് 2.51 ശതമാനമായും നില മെച്ചപ്പെടുത്തി.

ബാങ്കിന്റെ സി ആർ എ ആർ (CRAR) 15.74 ശതമാനത്തിൽ നിന്നും 16.04 ശതമാനമായി വർധിച്ചു. മുൻനിര ക്രെഡിറ്റ് റേറ്റിങ് ഏജൻസികളായ കെയറും ഇന്ത്യാ റേറ്റിങ്ങും ബാങ്കിന്റെ റേറ്റിങ് വീക്ഷണം 'നെഗറ്റീവി'ൽ നിന്ന് 'സ്റ്റേബ്ൾ' ആക്കി പരിഷ്ക്കരിച്ചു.

വിശാല വിതരണ ശൃംഖലയും സാങ്കേതിക വൈദഗ്ധ്യവും ഒത്തുചേരുന്ന ബാങ്കിന്റെ ശക്തവും വൈവിധ്യപൂർണ്ണവുമായ പ്രവർത്തനം പുതിയ അവസരങ്ങൾ പ്രയോജനപ്പെടുത്താനും സാമ്പത്തിക രംഗത്തെ പിരിമുറുക്കം അവസാനിക്കുന്നതോടെ വരും പാദങ്ങളിൽ ലാഭകരമായ വളർച്ച കൈവരിക്കാനും ബാങ്കിന് സഹായകമാകുമെന്നും മുരളി രാമകൃഷ്ണൻ പറഞ്ഞു.

For more information, please log on to www.southindianbank.com
For more details, please contact:

Azmat Habibulla
Chief Marketing Officer
Marketing Department
Phone: 98201 84780